STUDY MATE QUESTION BANK
HTTPS://STUDYMATEQUESTIONBANK.BLOGSPOT.COM/

# First Terminal Evaluation-2024-'25

Time: 1½ Hrs

Std : 7 **അടിസ്ഥാനപാഠാവലി** Score :25

**നിർദ്ദേശങ്ങൾ:**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയം ആണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി വേണം ഉത്തരം എഴുതാൻ ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം ഇവ പരിഗണിക്കണം.

**6 പ്രവർത്തനത്തിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം.**

**പ്രവർത്തനം-1**

നെൽവിത്തുകളുടെ സംരക്ഷകനും പ്രചാരകനുമായ ഒരു വ്യക്തി. പാരമ്പര്യ കർഷകനായ അദ്ദേഹത്തെ തേടിയെത്തിയത് പദ്മശ്രീ അവാർഡായിരുന്നു. 60-ൽ അധികം നെൽവിത്തുകൾ തലക്കര ചെറിയരാമൻ സംരക്ഷിക്കുന്നുണ്ട്. നെൽവിത്തുകളുടെ ജീൻ ബാങ്കർ എന്ന് അദ്ദേഹം അറിയപ്പെടുന്നു. 2011-ൽ ഹൈദരാബാദിൽ വച്ച് നടന്ന ജൈവവൈവിധ്യ സംരക്ഷണത്തിനായുള്ള 11 രാജ്യങ്ങളുടെ സമ്മേളനത്തിൽ കേരളത്തെ പ്രതിനിധീകരിച്ചിരുന്ന വയനാടിന്റെ നെല്ലച്ഛന് പുതുതലമുറയോട് പറയാനുള്ളത് ഇത് മാത്രം "ഒരു കൈയ്യിൽ ഏന്തണം അറിവിന്റെ പുസ്തകം, മറുകൈയ്യിലേന്തണം പണിയായുധം"

a. പുതുതലമുറയോട് നെല്ലച്ഛന് പറയാനുള്ളതെന്ത്? [2]

b. ചെറുവയൽ രാമന്റെ ശരിയായ പേരെന്ത്? [1]

c. അദ്ദേഹത്തെ ഏതെല്ലാം പേരിൽ അറിയപ്പെടുന്നുണ്ട്? [2]

**പ്രവർത്തനം-2**

a. കാർഷികോത്സവങ്ങളും നാട്ടുത്സവങ്ങളും ജനമൈത്രി നിലനിർത്താൻ സഹായിക്കുന്നതെങ്ങനെ? [4]

b. 'ചേർക്കുണ്ടിൽ താഴ്ത്തുമീത്തൂവിരൽത്തുമ്പത്രേ
നാട്ടിന്റെ നന്മകൾ നെയ്തെടുപ്പൂ'
ആരെക്കുറിച്ചാണ് കവി ഇവിടെ പറയുന്നത്?

**പ്രവർത്തനം-3**

a. നാട്ടിലെ പ്രായം ചെന്ന കൃഷിമുത്തച്ഛനെ കാണാനും വിവിധകൃഷിരീതികൾ, പണ്ടത്തെ വിത്തിനങ്ങൾ, കൃഷിഉപകരണങ്ങൾ, വിത്തുസംരക്ഷണം എന്നിവയെക്കുറിച്ച് കൂടുതൽ അറിയാനുമായി ഒരു യാത്ര നടത്താൻ മലയാളം ക്ലബ് തീരുമാനിച്ചു. അവിടെ ചെല്ലുമ്പോൾ കാര്യങ്ങൾ അന്വേഷിക്കാൻ ഒരോരുത്തരും 10 ചോദ്യങ്ങൾ ഉൾപ്പെടുന്ന ചോദ്യാവലി തയ്യാറാക്കി കരുതാൻ അദ്ധ്യാപിക ആവശ്യപ്പെട്ടു. നമുക്കാ ചോദ്യാവലി തയ്യാറാക്കാം. [4]

[P.T.O]

https://studymatequestionbank.blogspot.com/

b. സന്തതതൂലികാ സാഹചര്യം കൊണ്ടു

നൊന്തുമരവിച്ച മൽക്കരമേ

അടിവരയിട്ട പദങ്ങളുടെ അർത്ഥം കണ്ടെത്തുക. [1]

**പ്രവർത്തനം-4**

a. **ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.**

* സി.ആർ.രാജഗോപാലൻ-1957-2022
* ഫോക്‌ലോർ ഗവേഷകനും എഴുത്തുകാരനും
* അദ്ധ്യാപകൻ
* ഗോത്രകലാവിടവുകൾ, ദേശസൗന്ദര്യബോധം, മുടിയേറ്റ്, നാടോടിനേരരങ്ങ്, കാവേറ്റം.
* കേരള ഫോക്‌ലോർ അക്കാദമി, കേരള സംഗീതനാടകഅക്കാദമി അവാർഡ് [4]

b. **പദച്ചേരുവകൾ എഴുതു**

i) കൃത്യം, ആയിരുന്നില്ല

ii) വ്യത്യാസങ്ങൾ, ഉണ്ടാവുമ്പോൾ [1]

**പ്രവർത്തനം-5**

ഇത്തിരി മണ്ണിൽ താനെക്കിളച്ചു വിയർത്തൊരു
വിത്തുപാകുമ്പോൾ പേർത്തുമത്തടം നനയ്ക്കുമ്പോൾ
പച്ചയാം രക്തമൂറ്റിപ്പടരും ദലച്ചാർത്തിൽ
പറ്റിയ പുഴുക്കളെ പിടിച്ചുകളയുമ്പോൾ
ഉർവ്വിയെപുഷ്പിപ്പിക്കും കലപോൽ നമുക്കത്ര
നിർവൃതികരം സർഗവ്യാപാരമുണ്ടോമന്നിൽ

(വൈലോപ്പിള്ളി) [4]

b. ഈ വരികളുടെ ആശയവും ഗ്രാമശ്രീകൾ എന്ന കവിതയുടെ ആശയവും തമ്മിൽ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. [1]

**പ്രവർത്തനം-6**

ഹരിതവിദ്യാലയം പുരസ്കാരം നേടിയ കോടാലി ഗവൺമെന്റ് യു.പി.സ്കൂളിലെ വിദ്യാർത്ഥികളെ അനുമോദിച്ച് ഒരു കത്ത് തയ്യാറാക്കു [5]

https://studymatequestionbank.blogspot.com/